**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 62** | **30-06-2022 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എല്ലാ പട്ടികജാതി, ലക്ഷംവീട് കോളനികളിലും അംബേദ്കർ ഗ്രാമം പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ ഉള്ള കോളനികളെയാണ് നിലവിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. നിലവിൽ ലക്ഷം വീട് കോളനികളിലെ വികസന പ്രവർത്തനങ്ങൾ തദ്ദേശസ്വയം ഭരണ വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. നിലവിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഫീസിബിലിറ്റി ലഭ്യമാക്കുകയാണെങ്കിൽ ലക്ഷം വീട് കോളനികളിലും പദ്ധതി നടപ്പിലാക്കുന്ന വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ് |
| (ബി) | പട്ടികജാതി വിഭാഗക്കാരുടെ എണ്ണത്തിന് പകരം കോളനികളുടെ പിന്നാക്കാവസ്ഥ മാനദണ്ഡമാക്കി പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി കൈക്കൊള്ളുമോ; | (ബി) | മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ ഉള്ള കോളനികൾ കണ്ടെത്തി അവയിൽ നിന്നും പിന്നോക്കാവസ്ഥ പരിഗണിച്ച ബന്ധപ്പെട്ട എം എൽ എ മാർ തെരഞ്ഞെടുക്കുന്ന കോളനികളെയാണ് നിലവിൽ ഈ പദ്ധതിയിൽ പരിഗണിക്കുന്നത്. |
| (സി) | പല കോളനികളിലും യഥാർത്ഥ ഉടമകൾക്ക് പകരം കൈവശക്കാരായ ആളുകൾ താമസക്കാരായുള്ള സാഹചര്യത്തിൽ ഇവർക്ക് ഉടമസ്ഥാവകാശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഉടമസ്ഥാവകാശം ഇല്ലാത്തതിന്റെ പേരിൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ നിന്നും പുറത്താകുന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ; | (സി) | ഇത്തരത്തിലുള്ള പരാതികൾ ലഭിക്കുകയാണെങ്കിൽ പരിശോധിക്കുന്നതാണ്. |
| (ഡി) | കോളനികളുടെ നവീകരണം നടത്തുമ്പോൾ അടിസ്ഥാന സൗകര്യ വികസനത്തിന് മുൻതൂക്കം നൽകുമോ; ഇരട്ട വീടുകളായവ ഒറ്റ വീടുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കോളനികളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് മുൻഗണന നൽകിക്കൊണ്ടാണ് അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നത് .<br><br>ലക്ഷം വീട് കോളനികളിലെ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്നതിനു ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് പദ്ധതി തയ്യാറാക്കി നിർവഹിക്കുവാൻ 28.05.2022 ലെ സ.ഉ(കൈ) |

| | | | |
|---|---|---|---|
| | | | 115/2022/LSGD പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് മാർഗരേഖയിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ